# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3786 20/10/2016 ൽ മറുപടിക്ക്

## വസ്തുക്കളുടെ പോക്കുവരവ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഉമ്മർ.<br>ശ്രീ. അബ്ദുൾ ഹമീദ്. പി<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. ടി.വി.ഇബ്രാഹിം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പോക്കുവരവ് ചെയ്യുന്നതിൽ കാലതാമസം വന്ന വസ്തുക്കളുടെ പോക്കുവരവ് ചെയ്തുകിട്ടാൻ നിലവിലുള്ള നടപടിക്രമം വിശദമാക്കാമോ; | (എ) രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങളിന്മേൽ വസ്തു ഉടമസ്ഥന്റെ പേരിലേയ്ക്ക് വില്ലേജ് റിക്കാർഡിൽ ഭൂമി മാറ്റുന്നതിന് ലഭിക്കുന്ന അപേക്ഷകളിൽ സബ് ഡിവിഷനോ, തർക്കങ്ങളോ ഇല്ലാത്ത കേസുകൾ, അസ്സൽ ആധാരം/കൈവശരേഖ, ബാദ്ധ്യത സർട്ടിഫിക്കറ്റ്, സ്ഥലപരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസിൽ പോക്കുവരവ് നടത്തി തണ്ടപ്പേര് കണക്കിൽ ആവശ്യമായ മാറ്റം വരുത്തുന്നതാണ്. സബ് ഡിവിഷൻ ഉള്ള കേസുകളിലും മറ്റ് തർക്കങ്ങൾ നിലനിൽക്കുന്ന കേസുകളിലും ആവശ്യമായ പരിശോധന നടത്തി തഹസീൽദാർ പോക്കുവരവ് അംഗീകരിക്കുകയും, ആയതിന്മേൽ വില്ലേജിൽ തുടർ നടപടി സ്വീകരിച്ച് തണ്ടപ്പേർ കണക്കിൽ ഉൾപ്പെടുത്തുന്നതുമാണ്. |
| (ബി) പോക്കുവരവ് ചെയ്യുന്നതിൽ കാലതാമസം വന്ന വസ്തുക്കൾ റീസർവ്വേയിലുണ്ടായ അപാകത മൂലം മറ്റൊരാളുടെ തണ്ടപ്പേർ രജിസ്റ്ററിൽ വന്നത് യഥാർത്ഥ ഭൂവുടമയുടെ തണ്ടപ്പേരിലേയ്ക്ക് ഇപ്പോൾ മാറ്റാൻ കഴിയുമോ; അതിനുള്ള നടപടിക്രമം വിശദമാക്കാമോ; | (ബി) റീസർവ്വേയിൽ വന്ന പിശകുകൾ പരിഹരിക്കുന്നതിനായി താലൂക്കുകളിൽ എൽ.ആർ.എം. സംവിധാനം പ്രവർത്തിക്കുന്നു. ഭൂമിയുടെ യഥാർഥ അവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ സഹിതം ലഭിക്കുന്ന അപേക്ഷകൾ താലൂക്കിലെ ലാന്റ് റെക്കോർഡ്സ് വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന റവന്യൂ/സർവ്വേ ഉദ്യോഗസ്ഥർ പരിശോധിച്ച് നിയമാനുസൃതം നടപടി സ്വീകരിക്കുന്നതാണ്. റീസർവ്വേയിലുണ്ടായ അപാകത മൂലം മറ്റൊരാളുടെ തണ്ടപ്പേർ രജിസ്റ്ററിൽ വന്നത് യഥാർത്ഥ ഭൂവുടമയുടെ തണ്ടപ്പേരിലേയ്ക്ക് മാറ്റുന്നതിനായി ലഭിക്കുന്ന പരാതികൾ ഭൂമിയുടെ അവകാശം ലഭിച്ചത് സംബന്ധിച്ച അസ്സൽ രേഖകളും, കോറിലേഷൻ സ്റ്റേറ്റ്മെന്റ്, ഉടവ് സ്കെച്ച് മുതലായവ പരിശോധിച്ച് നിയമാനുസൃതം യഥാർത്ഥ ഭൂവുടമകളുടെ പേരിലേയ്ക്ക് തണ്ടപ്പേർ പിടിക്കാവുന്നതാണ്. |

| | |
|---|---|
| (സി) റീസർവ്വേയിലെ അപാകതമൂലം മറ്റൊരാളിലേയ്ക്ക് തണ്ടപ്പേർ രജിസ്റ്റർ പ്രകാരം പോയ ഭൂമിയ്ക്കു മേൽ അവകാശമുന്നയിച്ച് ടിയാൻ വസ്തു ഉടമയ്ക്കെതിരെ നൽകുന്ന അപ്പീൽ അനുവദിക്കാറുണ്ടോ; | (സി) ഇത്തരം സന്ദർഭങ്ങളിൽ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർമാർ അസ്സൽ രേഖകളും, കോറിലേഷൻ സ്റ്റേറ്റ്മെന്റ്, ഉടവ് സ്കെച്ച്, കൈവശം മുതലായവ പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) റീസർവ്വേയിലെ അപാകത മൂലം വസ്തു തണ്ടപ്പേർ രജിസ്റ്റർ പ്രകാരം മാറുന്നെങ്കിലും കൈവശമനുഭവിച്ചു പോകുന്ന ഭൂമിയ്ക്ക് മാറ്റം വരാത്തതിനാൽ ഇത്തരത്തിൽ നൽകുന്ന അപ്പീൽ പെട്ടെന്ന് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) റീസർവ്വേയുമായി ബന്ധപ്പെട്ട പരാതികളും അപ്പീലുകളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് താലൂക്ക് ഓഫീസുകളിൽ എൽ.ആർ.എം. വിഭാഗം നടപടി സ്വീകരിച്ചു വരുന്നു. റവന്യൂ പരാതികൾ പ്രത്യേകമായി തരം തിരിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ജി.ഒ (എം.എസ്സ്) 200/10/റവന്യൂ തീയതി 31/05/2010 പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുള്ളതും കൃത്യമായ കാലയളവിൽ അവലോകനം നടത്തി വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ